**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 125 26.02.2018-ൽ മറുപടിക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നു; അതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് 539 പേർ കൊല്ലപ്പെട്ടു. ഇതിൽ 17 എണ്ണം രാഷ്ട്രീയ കൊലപാതകങ്ങളാണ്. |
| (ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ ഓരോന്നിലും ഉൾപ്പെട്ടിട്ടുള്ള പ്രതികൾ ഏത് രാഷ്ട്രീയ കക്ഷികളിൽപെടുന്നവരാണെന്ന് അറിയിക്കുമോ; | (ബി) | കേസുകളിൽ സി.പി.ഐ (എം), ബി.ജെ.പി, എസ്.ഡി.പി.ഐ രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) രാഷ്ട്രീയ കൊലപാതക കേസുകളിൽ എത്രയെണ്ണത്തിന്റെ അന്വേഷണം പൂർത്തിയായി; എത്ര പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തു; | (സി) | 11 കേസുകളിൽ അന്വേഷണം പൂർത്തിയാക്കുകയും ഇതുമായി ബന്ധപ്പെട്ട് 161 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഏതെങ്കിലും രാഷ്ട്രീയ കൊലപാതക കേസുകൾ സി.ബി.ഐ.ക്ക് വിടണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളാണ് എന്നും ഇക്കാര്യത്തിൽ എന്ത് തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**